# Visit of External Affairs Minister to Maldives and Sri Lanka (January 18-20, 2023)

January 17, 2023

---

**വിദേശകാര്യ മന്ത്രിയുടെ മാലിദ്വീപ്, ശ്രീലങ്ക എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം (ജനുവരി 18-20, 2023)**

ജനുവരി 17, 2023

1.വിദേശകാര്യ മന്ത്രി (ഇഎഎം) ഡോ. എസ് ജയശങ്കർ 2023 ജനുവരി 18 മുതൽ 20 വരെയുള്ള തിയ്യതികളിൽ മാലിദ്വീപിലും ശ്രീലങ്കയിലും ഔദ്യോഗിക സന്ദർശനം നടത്തും.

2. തന്റെ മാലിദ്വീപ് സന്ദർശന വേളയിൽ, ഇ എ എം പ്രസിഡന്റ് ഇബ്രാഹിം മുഹമ്മദ് സോലിഹ് വിദേശകാര്യ മന്ത്രി അബ്ദുല്ല ഷാഹിദ് എന്നിവരുമായി ചർച്ച നടത്തി. മാലദ്വീപിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് സംഭാവന നൽകുന്ന ഉഭയകക്ഷി വികസന സഹകരണവുമായി ബന്ധപ്പെട്ട കരാറുകൾ, ഇന്ത്യ പിന്തുണയ്ക്കുന്ന നിരവധി സുപ്രധാന പദ്ധതികളുടെ ഗ്രൗണ്ട് ബ്രേക്കിംഗ്/ ഉദ്ഘാടനം/ കൈമാറ്റം, ലോഞ്ച് എന്നിവ ഇ എ എം സന്ദർശന സമയത്ത് ഒപ്പു വയ്ക്കും.

3. ഇ എ എം-ന്റെ ശ്രീലങ്കൻ സന്ദർശനം 2021 ജനുവരിയിലും 2022 മാർച്ചിലും അദ്ദേഹം നടത്തിയ ശ്രീലങ്കൻ സന്ദർശനങ്ങളുടെ തുടർച്ചയായിരിക്കും. ശ്രീലങ്ക ഇന്ത്യയുമായി സൗഹൃദം സൂക്ഷിക്കുന്ന അയൽ രാജ്യമാണ് , ഇന്ത്യ എല്ലായ്പ്പോഴും ശ്രീലങ്കയിലെ ജനങ്ങൾക്കൊപ്പം നിലകൊള്ളുന്നതാണ്.സന്ദർശന വേളയിൽ, ഇ അ എം പ്രസിഡന്റ് ശ്രീ.റനിൽ വിക്രമസിംഗെ, പ്രധാനമന്ത്രി ദിനേശ് ഗുണവർധനെ, വിദേശകാര്യ മന്ത്രി എം.യു.എം. അലി സബ്രി എന്നിവരുമായി ചർച്ച നടത്തി. , ഇന്ത്യ-ശ്രീലങ്ക കൂട്ടുകെട്ടിന്റെ മുഴുവൻ ശ്രേണിയെക്കുറിച്ചും അത് എല്ലാ മേഖലകളിലും ശക്തിപ്പെടുത്താനുള്ള നടപടികളെക്കുറിച്ചും അവർ ചർച്ച ചെയ്തു

4. മാലിദ്വീപും ശ്രീലങ്കയും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യയുടെ പ്രധാന സമുദ്ര അയൽക്കാരാണ്, കൂടാതെ പ്രധാനമന്ത്രിയുടെ 'സാഗർ' (മേഖലയിലെ എല്ലാവർക്കും സുരക്ഷയും വളർച്ചയും) 'അയൽരാജ്യങ്ങൾക്ക് മുൻഗണന' എന്ന കാഴ്ചപ്പാടിൽ പ്രത്യേക സ്ഥാനം വഹിക്കുന്നു. മാലദ്വീപുമായും ശ്രീലങ്കയുമായും അടുത്ത സൗഹൃദ ബന്ധത്തിന് ഇന്ത്യ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ് വിദേശകാര്യ മന്ത്രിയുടെ സന്ദർശനം.

**ന്യൂ ഡെൽഹി**
**ജനുവരി 17, 2023**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.